VOL I, No.3
2020 JANUARY-JUNE
1194-95 മിഥുനം-വൃശ്ചികം

*A peer reviewed research journal*

# ചെങ്ങഴി

# CHENGAZHI



# ഉള്ളടക്കം

എം ബഷീറിന്റെ കവിത
കെ.ജി.എസ്. 9

ജനപ്രിയത മലയാളകവിതയിൽ
നീതു സി. സുബ്രഹ്മണ്യൻ 13

5-7-5 അഥവാ പ്രതിസ്വരത്തിന്റെ ഹൈകു
നിധീഷ്.കെ.പി 24

ബയോ-ഭീകരതയും കവിതയും
കെ. വിനോദ് ചന്ദ്രൻ 31

ഇതാ, കാവ്യാനുഭൂതികളെ കല്ലെറിയുന്ന ഒരു കവി!
എൻ. പ്രഭാകരൻ 42

രണ്ടു കവികൾ കവിതകൾ
സജയ് കെ.വി. 67

ആധുനികതാവാദകവിത: ഒരു ചരിത്രാവലോകനം
എൻ. അജയകുമാർ 71

ചിരിയുടെ വ്യംഗ്യങ്ങൾ
നന്ത്യത്ത് ഗോപാലകൃഷ്ണൻ 85

ഒറ്റ: രാഘവൻ അത്തോളിയുടെ കവിത
എം.ബി. മനോജ് 92

ജീവിതത്തിന്റെ ത്രിമാനങ്ങൾ
വി. അബ്ദുൾ ലത്തീഫ് 101

സാമൂഹികമാധ്യമവും കവിതയും
സിബു മോടയിൽ 109

കവിത എന്ന പ്രതിരോധപദ്ധതി പി.എൻ. ഗോപീകൃഷ്ണന്റെ കവിതകൾ
ആർ. ചന്ദ്രബോസ് 115

പുരുഷവൈകാരിതയുടെ ഭാഷണങ്ങൾ
കവിതാ രാമൻ 126

പരിസ്ഥിതിയുടെ ഉന്മാദങ്ങൾ
എ.കെ. വാസു 130

അധികാരത്തിന്റെ പ്രതിരോധ പാഠങ്ങൾ
അനൂപ് ഇ. 134

ഉത്തരാധുനിക പെൺകഥകൾ
മഞ്ജുഷ കെ.വി. 141

സാമ്രാജ്യവാദികതയിൽ നിന്നും ആധുനികതയിലേക്ക്
മഴ എസ്. കുമാർ 149

അധികാരവും ഭാഷയും: കടിയാഴികളിൽ
പ്രവീണ കെ. 158

കാടകങ്ങളിൽ പൂക്കുന്ന കവിതകൾ
താര എസ്.എസ്. 167

ചിന്ത്യകാവ്യത്തിലെ കനൽച്ചിന്തകൾ
ആർ. ഗീതാദേവി 175

ഒരു പ്രതിസാഹിത്യവിചാരം
ശ്യാംരാജ് ആർ. 182

പ്രവാസം: മലയാളിയുടെ അബോധസഞ്ചാരങ്ങൾ
ശ്രീലത.ഇ 190

ആധുനികമൂല്യവ്യവസ്ഥയുടെ പിൻവാങ്ങലിന്റെ രേഖപ്പെടുത്തലുകൾ
ജോബിൻ എൻ.ബി. 194

ദലിത് സ്ത്രീ അനുഭവം: വിജില ചിറപ്പാടിന്റെ കവിതകളിൽ
അഞ്ജലി എ. 206

ആദ്ധ്യാത്മികതയും ആധിഭൗതികതയും പ്രഭാവർമ്മയുടെ കവിതകളിൽ
എൻ. അജിത്കുമാർ 213

[illegible]കവിതകളിലെ ഹരിതദർശനം
ടിപ്പു ആന്റണി 218

അതിജീവനത്തിന്റെ കവിത
ആശാ മത്തായി 224

സ്ത്രീസ്വത്വബോധം വിജയലക്ഷ്മിക്കവിതകളിൽ
അപർണ അരവിന്ദ് 229

# പുതുകവിതകളിലെ ഹരിതദർശനം

ഡോ: സ്വപ്ന ആന്റണി

അസി. പ്രൊഫസർ, മലയാള വിഭാഗം, സി.എ.എസ് കോളേജ്, മാടായി

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് ലോകമെമ്പാടും പാരിസ്ഥിതിക ചിന്താ പദ്ധതികൾ രൂപം കൊള്ളുന്നത്. എൻ.വി. കൃഷ്ണവാര്യരുടെ നേതൃത്വത്തിൽ 1980-ൽ തിരുവനന്തപുരത്ത് ഒരു പ്രകൃതി സംരക്ഷണസമിതി രൂപംകൊണ്ടു. ഈ സമിതിയുടെ നേതൃത്വത്തിൽ നടന്ന സൈലന്റ്‌വാലി പ്രക്ഷോഭത്തോടെ ജനങ്ങളിൽ പാരിസ്ഥിതികാവബോധം വളർത്തുന്നതിനും അവരെ പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുന്നതിനും ഇവർക്കു കഴിഞ്ഞു. ഇതിന്റെ ഭാഗമായി ഈ സമിതി 1983-ൽ 'വനപർവ്വം' എന്ന പേരിൽ 31 പരിസ്ഥിതി കവിതകൾ സമാഹരിച്ചു പ്രസിദ്ധീകരിക്കുകയുണ്ടായി. സുഗതകുമാരിയുടെ മരത്തിനു സ്തുതി, അയ്യപ്പപ്പണിക്കരുടെ വനപർവ്വം, എൻ.വി.കൃഷ്ണവാര്യരുടെ മരങ്ങളും വള്ളികളും, കടമ്മനിട്ടയുടെ കുഞ്ഞേ മുലപ്പാൽ കുടിക്കരുത്, ഡി.വിനയചന്ദ്രന്റെ കാട്, തുടങ്ങി ഇതിലുള്ള കവിതകൾ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തെ അടയാളപ്പെടുത്തുന്നവയായിരുന്നു. കൃത്യമായ ലക്ഷ്യത്തോടെ എഴുതപ്പെട്ട കവിതകളാണിവ എന്നതിനാൽ പരിസ്ഥിതി/ഹരിതരാഷ്ട്രീയത്തിന്റെ മാനങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു ഇക്കവിതകളെന്ന് ഡോ: ആനന്ദ് കാവാലം രേഖപ്പെടുത്തിയിട്ടുണ്ട്.

## 1.1. പുതുകാലം പുതുകവിത

ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളെ നേരിടേണ്ടി വന്ന 21-ാം നൂറ്റാണ്ടിൽ പുതുകവിത കൈകാര്യം ചെയ്ത പ്രമേയങ്ങളിൽ പരിസ്ഥിതി നാശവും പ്രകൃതിയിൽ നിന്നകന്ന മനുഷ്യൻ നേരിട്ട സ്വത്വപ്രതിസന്ധിയും വിഷയങ്ങളായി. പുതുകാലത്തിന്റെ ഭാവമാറ്റങ്ങളെയും സമകാല ജീവിതത്തിന്റെ തീക്ഷ്ണ യാഥാർത്ഥ്യങ്ങളെയും ഇവർ കവിതയിൽ ആവിഷ്കരിച്ചു. ' മാറിയ കാലത്തിന്റെ പുതുകാഴ്ചകളാണ് പുതുകവിത. ഓരോകവിയും ഓരോ കാഴ്ചകൾ കാണുന്നു. ഓരോകവിതയും ഓരോ വഴികളും ഭാഷയും തേടി സഞ്ചരിക്കുന്നു.' (കവിതയിലെ ഖരാക്ഷരങ്ങൾ, 2018: 94)

ബൃഹദാഖ്യാനങ്ങളെ നിരസിച്ചുകൊണ്ട്, കേന്ദ്രീകൃതാശയങ്ങളെ നിരാകരിച്ചുകൊണ്ട് ബഹുസ്വരതയിൽ വിശ്വസിക്കുന്ന ഉത്തരാധുനികതയെ ചരിത്രത്തിന്റെ പരിവർത്തന ദശയായി കണക്കാക്കാം. ആധുനികതയുടെ മനുഷ്യകേന്ദ്രിത സമീപനത്തെ എതിർക്കുന്ന ഈ ചിന്താപദ്ധതി